# മഹാത്മാഗാന്ധി സർവ്വകലാശാല

12356/എസ്.എഫ് I/2011 26.03.2015

## പത്രക്കുറിപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന ഒരു സ്വാശ്രയ സ്ഥാപനമായ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനിയറിംഗ്, തൊടുപുഴയിൽ താഴെ പറയുന്ന വിഷയങ്ങളിൽ കരാർ അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കുന്നതിലേക്കായി ഏപ്രിൽ 8– ാം തീയതി വാക്ക്–ഇൻ – ഇന്റർവ്യൂ നടത്തുന്നു.

1. കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനിയറിംഗ്

2. സിവിൽ എൻജിനിയറിംഗ്

യോഗ്യത

ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി. ടെക്/ബി.ഇ ബിരുദവും, എം. ടെക്/ എം.ഇ ബിരുദവും. ബിരുദതലത്തിലോ ബിരുദാനന്തരതലത്തിലോ ഫസ്റ്റ് ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

പ്രായപരിധി: 01.01.2015 ൽ 70 വയസ്സ് തികയാൻ പാടില്ല.

മേൽ വിവരിച്ച പ്രകാരം തെരഞ്ഞെടുക്കുന്ന അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ, പ്രസ്തുത വ്യക്തികൾ ഈ സർവ്വകലാശാലയുമായി ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾക്ക് മാത്രം വിധേയമായിരിക്കും.

മേൽപ്പറഞ്ഞ യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മാർക്ക് ലിസ്റ്റുകൾ, സംവരണ സമുദായത്തിൽപ്പെട്ടവർ റവന്യൂ അധികാരികളുടെ പക്കൽ നിന്നും വാങ്ങിയ ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ആറു മാസത്തിനുള്ളിൽ എടുത്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയുമായി അതിരമ്പുഴയിലുള്ള യൂണിവേഴ്സിറ്റി ഓഫീസിലെ സെൽഫ് ഫിനാൻസിങ്ങ് വിഭാഗം സെക്ഷൻ (1) ൽ അന്നേ ദിവസം രാവിലെ 10 മണിക്ക് ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾക്ക് സന്ദർശിക്കുക www.mguniversity.edu or www.mgu.ac.in. Contact No. 0481-2731032, 2733230

Sd/-
രജിസ്ട്രാർ